**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1476** **04-07-2022 - ൽ മറുപടിയ്ക്ക്**

**പാറശ്ശാല മണ്ഡലത്തിലെ പട്ടയ വിതരണം**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീ സി കെ ഹരീന്ദ്രൻ</td><td colspan="2">ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>2010 മുതൽ 2021 വരെയുള്ള കാലയളവിൽ പാറശ്ശാല മണ്ഡലത്തിന്റെ പരിധിയിൽ വരുന്ന വില്ലേജുകളിൽ നിന്നും പട്ടയത്തിന് വേണ്ടി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; അതിൽ എത്ര അപേക്ഷകളിൽ പട്ടയം അനുവദിച്ചുവെന്ന് വില്ലേജ് തിരിച്ചുള്ള കണക്കുകൾ അറിയിക്കാമോ;</td><td>(എ)</td><td>2010 മുതൽ 2021 വരെയുള്ള കാലയളവിൽ പാറശ്ശാല മണ്ഡലത്തിന്റെ പരിധിയിൽ വരുന്ന വില്ലേജുകളിൽ നിന്നും പട്ടയത്തിനുവേണ്ടി ലഭിച്ച അപേക്ഷകളുടെ എണ്ണവും അതിൽ അനുവദിച്ച പട്ടയങ്ങളുടെ എണ്ണവും തിരിച്ച് ചുവടെ ചേർക്കുന്നു.
<table>
<tr><th>ക്രമ നം.</th><th>വില്ലേജ്</th><th>ലഭിച്ച അപേക്ഷകളുടെ എണ്ണം</th><th>അനുവദിച്ച പട്ടയങ്ങൾ</th></tr>
<tr><td>1</td><td>വെള്ളറട</td><td>419</td><td>71</td></tr>
<tr><td>2</td><td>പരശുവക്കൽ</td><td>30</td><td>1</td></tr>
<tr><td>3</td><td>കൊല്ലയിൽ</td><td>82</td><td>18</td></tr>
<tr><td>4</td><td>പെരുങ്കടവിള</td><td>55</td><td>20</td></tr>
<tr><td>5</td><td>പാറശ്ശാല</td><td>64</td><td>0</td></tr>
<tr><td>6</td><td>കുന്നത്തുകാൽ</td><td>38</td><td>0</td></tr>
<tr><td>7</td><td>ആനാവൂർ</td><td>24</td><td>7</td></tr>
<tr><td>8</td><td>അമ്പൂരി</td><td>99</td><td>7</td></tr>
<tr><td>9</td><td>കള്ളിക്കാട്</td><td>181</td><td>49</td></tr>
<tr><td>10</td><td>ഒറ്റശേഖരമംഗലം</td><td>115</td><td>6</td></tr>
<tr><td>11</td><td>കീഴാറൂർ</td><td>55</td><td>18</td></tr>
<tr><td>12</td><td>വാഴച്ചൽ</td><td>99</td><td>8</td></tr>
</table></td></tr>
<tr><td>(ബി)</td><td>ആകെ ലഭിച്ച അപേക്ഷകളിൽ നിരസിച്ചവ എത്രയെന്നും ബാക്കിയുള്ള അപേക്ഷകളുടെ നിലവിലെ സ്ഥിതിയും വില്ലേജ് തിരിച്ച് ലഭ്യമാക്കാമോ;</td><td>(ബി)</td><td>ആകെ ലഭിച്ച അപേക്ഷകളിൽ നിരസിച്ചവയുടെ എണ്ണവും അവശേഷിക്കുന്ന അപേക്ഷകളുടെ നിലവിലുള്ള സ്ഥിതിയും അനുബന്ധമായി 1ആയി ചേർക്കുന്നു.</td></tr>
<tr><td>(സി)</td><td>നിലവിൽ പാറശ്ശാല മണ്ഡലത്തിന്റെ പരിധിയിൽ വിതരണത്തിന് തയ്യാറായ</td><td>(സി)</td><td>നിലവിൽ പാറശ്ശാല മണ്ഡലത്തിന്റെ പരിധിയിൽ വിതരണത്തിന് തയ്യാറായ 25 പട്ടയങ്ങൾ ഉണ്ട്. പ്രസ്തുത പട്ടയങ്ങൾ ഉടൻ തന്നെ വിതരണം</td></tr>
</table>

| | | | |
|---|---|---|---|
| | എത്ര പട്ടയങ്ങൾ ഉണ്ടെന്നും പ്രസ്തുത പട്ടയങ്ങൾ എന്നേയ്ക്ക് നൽകാനാകുമെന്നും വില്ലേജ് അടിസ്ഥാനത്തിൽ ഇനം തിരിച്ച് അറിയിക്കാമോ; | | ചെയ്യുന്നതാണ്. അവയുടെ വില്ലേജ് തിരിച്ചുള്ള കണക്ക് അനുബന്ധം രണ്ട് ആയി ചേർക്കുന്നു. |
| (ഡി) | റോഡ്, കുളം പുറമ്പോക്കിൽ കഴിയുന്ന ആളുകൾക്ക് പട്ടയം ലഭ്യമാക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | (ഡി) | റോഡ്, കുളം പുറമ്പോക്കുകൾ നിലവിലുള്ള ഭൂമി പതിവ് നിയമങ്ങൾ പ്രകാരം പതിവിന് വിധേയമല്ല. 1994 ലെ പഞ്ചായത്ത് രാജ് മുനിസിപ്പാലിറ്റി നിയമം നിലവിൽ വരുന്ന സമയത്തുള്ള ആക്ടുകൾ പ്രകാരം കുളം പുറമ്പോക്കുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമാകും. അത്തരം പുറമ്പോക്കുകളിൽ താമസിക്കുന്നവരുടെ അർഹത പരിശോധിച്ച ശേഷം സർക്കാർ ഉത്തരവിനു വിധേയമായി കൈവശരേഖകൾ മാത്രമാണ് നൽകുന്നത്. എന്നാൽ സംസ്ഥാനത്താകെതന്നെ 1994 നു മുമ്പ് തന്നെ ദീർഘകാലമായി തോടോ, നിർച്ചാലോ ഇല്ലാത്ത പ്രദേശങ്ങളിലുള്ള ഇത്തരം പട്ടയ. പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനുള്ള പരിശ്രമം നടത്തിവരുകയാണ്. |
| (ഇ) | പാറശ്ശാല മണ്ഡലത്തിലെ പഞ്ചായത്തുകളിൽ സർക്കാർ വകുപ്പിന് കീഴിൽ വിവിധ ഇനങ്ങളിലായി എത്ര പുറമ്പോക്ക് ഭൂമിയുണ്ട്; സർവ്വേ നമ്പർ, ഭൂമിയുടെ അളവ്, ഇനം എന്നിവ ഉൾപ്പെടെ വില്ലേജ് തിരിച്ച് വിശദാംശം ലഭ്യമാക്കാമോ; പ്രസ്തുത ഭൂമി ഓരോന്നും നിലവിൽ ഏതൊക്കെ ആവശ്യങ്ങൾക്കാണ് ഉപയോഗിക്കുന്നതെന്ന വിവരം പട്ടിക തിരിച്ച് ലഭ്യമാക്കാമോ? | (ഇ) | പാറശ്ശാല മണ്ഡലത്തിലെ പഞ്ചായത്തുകളിൽ സർക്കാർ വകുപ്പുകൾക്കു കീഴിൽ വിവിധ ഇനങ്ങളിലായി നിലവിലുള്ള പുറമ്പോക്ക് ഭൂമികളുടെ സർവ്വെ നമ്പർ, അളവ്, ഇനം എന്നിവയുടെ വില്ലേജ് തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുന്നതിനും അത്തരം ഭൂമി നിലവിൽ ഏതെല്ലാം ആവശ്യങ്ങൾക്കായാണ് ഉപയോഗിക്കുന്നതെന്നുമുള്ള വിവരങ്ങൾ പട്ടിക തിരിച്ച് ലഭ്യമാക്കുന്നതിന് കൂടുതൽ സമയം ആവശ്യമാണെന്നും ടി വിവരങ്ങൾ ലഭ്യമാക്കുന്നതിന് ബന്ധപ്പെട്ട തഹസിൽദാർമാർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതായും ലാൻഡ് റവന്യൂ കമ്മീഷണർ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ